(സി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന ഒ.പി. (കെ.എ.റ്റി.)-യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വരെയുള്ള തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ 15-5-2015-ൽ ഉത്തരവായിരുന്നു. അതിൻപ്രകാരം സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേവികുളത്തെ ഭവന നിർമ്മാണ പദ്ധതി

226 (4269) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ദേവികുളം നിയോജകമണ്ഡലത്തിലെ ഏത്ര പഞ്ചായത്തുകളിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ 11 ഗ്രാമപഞ്ചായത്തുകളിലും ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ദേവികുളം, മൂന്നാർ, അടിമാലി, കാന്തല്ലൂർ, മാങ്കുളം, വെള്ളത്തൂവൽ, ഇടമലക്കുടി, വട്ടവട, ചിന്നക്കനാൽ, പള്ളിവാസൽ, മറയൂർ എന്നീ പഞ്ചായത്തുകളിലാണ് ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

227 (4270) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയെന്ന് പഞ്ചായത്ത് തിരിച്ചു വിശദമാക്കാമോ ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly